REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-11-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **മാനുഷികതയിലും, സമത്വത്തിലും, ആഗോള സഹകരണത്തിലും അധിഷ്ഠിതമായ വ്യവസ്ഥയിലേക്ക് G-20 രാജ്യങ്ങൾ മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **രാജ്യത്തിന്റെ 53-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സൂര്യകാന്ത് രാവിലെ സത്യപ്രതിജ്ഞ ചെയ്യും.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി വൈകീട്ട് അവസാനിക്കും.**
- **കാസർകോട് സമാപിച്ച 12-ാമത് NN പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിൽ തിരുവനന്തപുരം അജന്തയുടെ 'വംശം' മികച്ച നാടകമായി.**
- **ഗോഹട്ടിയിൽ ഇന്ത്യ - ദക്ഷിണാഫ്രിക്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് രാവിലെ പുനഃരാരംഭിക്കും.**

## വാർത്തകൾ വിശദമായി

**G-20 നേതൃ ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ദക്ഷിണാഫ്രിക്കയിലെ ജോനാസ്ബർഗിൽ നിന്ന് ഇന്ത്യയിലെക്ക് യാത്ര തിരിച്ചു. ഉച്ചകോടിയുടെ മൂന്ന് സെഷനുകളിലും പങ്കെടുത്ത പ്രധാനമന്ത്രി, നിരവധി ഉഭയകക്ഷി - ത്രികക്ഷി ചർച്ചകളിലും പങ്കെടുത്തു. G- 20 ഉച്ചകോടിയുടെ ഏഴ് പുതിയ സംരംഭങ്ങളോട് ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി സെഷനുകളിൽ വിശദീകരിച്ചു. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി എന്നിവരടക്കം ലോക നേതാക്കളുമായും പ്രധാനമന്ത്രി ചർച്ച നടത്തി.**

**ലാഭാധിഷ്ഠിതമായ നിലപാടിൽ നിന്ന് മാനുഷികതയിലും, സമത്വത്തിലും, ആഗോള സഹകരണത്തിലും അധിഷ്ഠിതമായ വ്യവസ്ഥയിലേക്ക് G-20**

രാജ്യങ്ങൾ മാറണമെന്ന് പ്രധാനമന്ത്രി നേരത്തെ സെഷനുകളിൽ ആവശ്യപ്പെട്ടു. മനുഷ്യ കേന്ദ്രീകൃതവും, എല്ലാവർക്കും പ്രയോജനപ്പെടുന്നതുമായ സാങ്കേതിക വളർത്തിയെടുക്കണം. ഇന്ത്യയുടെ ഡിജിറ്റൽ രംഗത്തെ മുന്നേറ്റം ഈ ആശയത്തിന്റെ പ്രതീകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ 53-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സൂര്യകാന്ത് രാവിലെ സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതിഭവനിലെ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. ഇന്നലെ വിരമിച്ച ജസ്റ്റിസ് BR ഗവായിക്കു പകരമാണ് അദ്ദേഹത്തിന്റെ നിയമനം. 2027 ഫെബ്രുവരി ഒൻപതു വരെ 15 മാസത്തോളമാണ് ജസ്റ്റിസ് സൂര്യകാന്തിന്റെ നിയമന കാലാവധി.

✪✪✪

ഇന്ത്യൻ നാവികസേനയുടെ പുതിയ അന്തർവാഹിനി വേധ യുദ്ധക്കപ്പലായ മാഹെ, ഇന്ന് മുംബൈ ഡോക്‌യാർഡിൽ കമ്മീഷൻ ചെയ്യും. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ചടങ്ങിൽ അദ്ധ്യക്ഷനാകും.

എൺപതു ശതമാനത്തിൽ കൂടുതലും തദ്ദേശീയ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ച മാഹെയുടെ വരവ്, പുതുതലമുറ യുദ്ധക്കപ്പലുകളുടെ വേഗവും ദൃഢ നിശ്ചയവും അടയാളപ്പെടുത്തുമെന്ന് രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു. വൈദഗ്ധ്യം പ്രദർശിപ്പിക്കാനും മാഹെ സഹായിക്കും. സൈനിക സ്വയംപര്യാപ്തതയുടെ ഭാഗമായി കൊച്ചി കപ്പൽ ശാലയിലാണ് മാഹെ നിർമ്മിച്ചത്.

✪✪✪

56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ന് ഇന്ത്യൻ പനോരമ വിഭാഗത്തിൽ തരുൺ മൂർത്തി സംവിധാനം ചെയ്ത മലയാള ചിത്രം 'തുടരും' പ്രദർശിപ്പിക്കും. കൂടാതെ അറബിക് ചിത്രം ' വേർ ദി വിൻഡ് കംസ് ഫ്രം' , ഫ്രഞ്ച് ചിത്രം 'അൺ ടൈമബ്ൾ' തുടങ്ങിയവ ലോക സിനിമ വിഭാഗത്തിലും പ്രദർശിപ്പിക്കും. ഫരീദ ബക്വി സംവിധാനം ചെയ്ത അറബിക് ചിത്രം 'ദി വിഷ്വൽ ഫെമിനിസ്റ്റ് മാനിഫെസ്റ്റോ'യും ഇന്ന് പ്രദർശിപ്പിക്കും. ഇന്നലെ അനുപമ പരമേശ്വരൻ കേന്ദ്രകഥാപാത്രമായി എത്തിയ തമിഴ് ചിത്രം 'ലോക്ഡൗണി'-ന് പ്രേക്ഷകരിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

✪✪✪

അയോധ്യ രാമജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങിന് അവസാന ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നാളത്തെ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം പ്രമുഖർ പങ്കെടുക്കും. ക്ഷേത്രനിർമ്മാണം പൂർത്തിയായതിന്റെ കൂടി ഭാഗമായാണ് ചടങ്ങ്. പ്രധാനമന്ത്രി അയോധ്യാനഗരത്തിൽ റോഡ് ഷോയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

അന്താരാഷ്ട്ര കാർഷിക ശാസ്ത്ര കോൺഗ്രസ്സ് ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. കേന്ദ്ര കൃഷി മന്ത്രി ശിവരാജ്സിങ് ചൗഹാൻ ഉദ്ഘാടനം ചെയ്യും. മൂന്നു ദിവസത്തെ കോൺഗ്രസ്സിൽ പ്ലീനറി സെഷൻ, സിമ്പോസിയം, പ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനം, യുവശാസ്ത്രജ്ഞരുടെയും വിദ്യാർത്ഥികളുടെയും സമ്മേളനങ്ങൾ എന്നിവയുണ്ടാകും.

ആയിരത്തിലധികം ആഗോള പ്രതിനിധികളുടെ പങ്കാളിത്തം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ലോകോത്തര ശാസ്ത്രീയ പ്രഭാഷണങ്ങളുടെ വേദിയായി ശാസ്ത്ര കോൺഗ്രസ്സ് മാറുമെന്നും കൃഷി മന്ത്രാലയം അറിയിച്ചു. കാർഷിക സർവകലാശാല വൈസ് ചാൻസലർമാർ, വ്യവസായ പ്രതിനിധികൾ, പ്രമുഖ കാർഷിക-വാണിജ്യ സംരംഭകർ എന്നിവരടക്കം അന്താരാഷ്ട്ര വിദഗ്ധർ പങ്കെടുക്കും.

✪✪✪

തേജസ് യുദ്ധവിമാനങ്ങൾ ഉപേക്ഷിക്കുന്ന കാര്യം വ്യോമസേന പരിഗണിച്ചുവരികയാണെന്ന സാമൂഹ്യമാധ്യമ റിപ്പോർട്ടുകൾ കേന്ദ്രഗവൺമെന്റ് തള്ളി. നിരവധി പാകിസ്ഥാനി പ്രചരണ അക്കൗണ്ടുകൾ വഴിയാണ് ഈ പ്രചരണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക് വിഭാഗം അറിയിച്ചു. വ്യോമസേനാ മേധാവി അമർപ്രീത് സിംഗ് ഒപ്പിട്ട കത്തെന്ന നിലയിലാണ് പ്രചാരണം. ഇത്തരം വ്യാജപ്രചാരണങ്ങൾ വിശ്വസിക്കരുതെന്നും, പങ്കുവയ്ക്കരുതെന്നും PIB ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി വൈകിട്ട് അവസാനിക്കും. പത്രിക പിൻവലിക്കാൻ വരണാധികാരികൾക്ക് ഉച്ച കഴിഞ്ഞ് മൂന്ന് വരെ അപേക്ഷ നൽകാം. അതോടെ സ്ഥാനാർത്ഥി ചിത്രം വ്യക്തമാകും.

ശനിയാഴ്ച സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ ഒരു ലക്ഷത്തി 7,211 സ്ഥാനാർത്ഥികളുടെ, ഒരു ലക്ഷത്തി 54,547 പത്രികകൾ സാധുവായി കണ്ടെത്തി. 2,479 പത്രിക തള്ളി. 56,501 സ്ത്രീകളും, 50,709 പുരുഷന്മാരും ഒരു ട്രാൻസ്ജെൻഡറുമാണ് നിലവിൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം നാളെ തുടങ്ങും. 28 വരെയാണ് പരിശീലനം. നിയമന ഉത്തരവ് ലഭിച്ച പ്രിസൈഡിംഗ് ഉദ്യോഗസ്ഥരും, ഫസ്റ്റ് പോളിംഗ് ഉദ്യോഗസ്ഥരും ഉത്തരവിലെ തിയതിയിലും, സമയത്തും നിശ്ചിത കേന്ദ്രങ്ങളിൽ എത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ

നിർദ്ദേശിച്ചു. പരിശീലനത്തിന് ഹാജരാകാത്ത ഉദ്യോഗസ്ഥർക്കെതിരെ തിരഞ്ഞെടുപ്പ് ചട്ടപ്രകാരം കർശന നടപടിയെടുക്കും. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് വിതരണം ബുധനാഴ്ച ആരംഭിക്കും.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്ക്രിയ രാഷ്ട്രീയ പാർട്ടി പട്ടികയിൽ ഉൾപ്പെട്ട സെക്കുലർ നാഷണൽ ദ്രാവിഡ പാർട്ടി, കേരള കോൺഗ്രസ് ( സ്കറിയ തോമസ് വിഭാഗം) എന്നിവയ്ക്ക് ചിഹ്നങ്ങൾ അനുവദിച്ചു. നാഷണൽ ദ്രാവിഡ പാർട്ടിയ്ക്ക് കുടയും, സ്കറിയ തോമസ് വിഭാഗത്തിന് ലാപ്ടോപുമാണ് ചിഹ്നം. നാഷണൽ പീപ്പിൾസ് പാർട്ടിയ്ക്ക് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ പുസ്തക ചിഹ്നം കേരളത്തിലും അനുവദിച്ചു.

അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ഡിസംബർ 13 നാണ് വോട്ടെണ്ണൽ.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 51 ലക്ഷത്തി 40,000 ത്തോളമായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 18.45 ശതമാനമാണിത്. ഞായറാഴ്ചയും ജോലിയിൽ വ്യാപൃതരായ BLO മാരെ അദ്ദേഹം അഭിനന്ദിച്ചു.

വോട്ടർമാർ ഓൺലൈനായി 53,254 ഫോമുകൾ സമർപ്പിച്ചിട്ടുണ്ട്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം ഒരു ലക്ഷത്തി 64,631 ആയി ഉയർന്നു. കളക്ഷൻ ഹബ്ബുകൾ കേന്ദ്രീകരിച്ച് ഫോമുകൾ സ്വീകരിക്കുന്ന പ്രവർത്തനം ഇന്നും തുടരുമെന്ന് ഡോ.കേൽക്കർ അറിയിച്ചു.

✪✪✪

കാസർഗോഡ് മാണിയാട്ട് സമാപിച്ച 12-ാമത് NN പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിൽ തിരുവനന്തപുരം അജന്തയുടെ 'വംശം' മികച്ച നാടകമായി. തിരുവനന്തപുരം സൗപർണ്ണികയുടെ 'താഴ്‌വാര'മാണ് മികച്ച രണ്ടാമത്തെ നാടകം. തിരുവനന്തപുരം നവോദയയുടെ 'സുകുമാരി' ജനപ്രിയ നാടകമായി.

തിരുവനന്തപുരം സൗപർണ്ണികയുടെ റഷീദ് മുഹമ്മദിനെ മികച്ച നടനായും, തിരുവനന്തപുരം നവോദയയുടെ കലാമണ്ഡലം സന്ധ്യയെ മികച്ച നടിയായും തിരഞ്ഞെടുത്തു. സുരേഷ് ദിവാകരനാണ് മികച്ച സംവിധായകൻ, നാടക രചനയ്ക്ക് പ്രദീപ് കാവുന്തറയും അവാർഡിന് അർഹനായി.

ജേതാക്കൾക്ക് മുൻ മന്ത്രി EP ജയരാജൻ അവാർഡുകൾ സമ്മാനിച്ചു.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാഹചര്യം കണക്കിലെടുത്ത് ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് ജാഗ്രത.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് അവസരം ലഭിക്കുന്ന തീർഥാടകർക്ക് യാത്രാ തീയതിയും വിമാനവും സ്വന്തം നിലയിൽ ഓൺലൈനിൽ ബുക്ക് ചെയ്യാനും E-ടിക്കറ്റ് ലഭ്യമാക്കാനും കേന്ദ്ര ഹജ്ജ് കമ്മിറ്റി തീരുമാനിച്ചു. മുംബൈയിലെ ഹജ്ജ് കമ്മിറ്റി ഓഫീസിൽ ചേർന്ന എല്ലാ സംസ്ഥാനങ്ങളിലെയും ഹജ്ജ് ഓഫീസർമാരുടെ യോഗത്തിലാണ് തീരുമാനം.

✪✪✪

ഗോഹട്ടിയിൽ ഇന്ത്യ - ദക്ഷിണാഫ്രിക്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വിക്കറ്റ് നഷ്ടപ്പെടാതെ ഒൻപത് റൺസെന്ന നിലയിൽ ഇന്ത്യ രാവിലെ ഒന്നാം ഇന്നിംഗ്സ് പുനഃരാരംഭിക്കും. ഇന്നലെ 489 റൺസിന് ദക്ഷിണാഫ്രിക്ക ഓൾ ഔട്ടായി.

✪✪✪

ദക്ഷിണാഫ്രിക്കയ്ക്കെതിരായ മൂന്ന് മത്സര ഏകദിന പരമ്പരയുടെ ക്യാപ്റ്റനായി KL രാഹുലിനെ നിയമിച്ചു. കഴുത്തിന് പരിക്കേറ്റതിനെ തുടർന്ന് ശുഭ്മാൻ ഗിൽ മാറിനിന്നേക്കും. വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ഋഷഭ് പന്ത് വൈസ് ക്യാപ്റ്റനാകും. രോഹിത് ശർമയും വിരാട് കോഹ്ലി യുമുൾപ്പെടെ താരങ്ങൾ ടീമിലുണ്ട്.

✪✪✪

രാജസ്ഥാനിൽ ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ അഞ്ചാം പതിപ്പ് ഇന്ന് ആരംഭിക്കും. ഒളിമ്പ്യൻ നീന്തൽ താരം ശ്രീഹരി നടരാജ്, ആർച്ചർ ഭജൻ കൗർ എന്നിവരുൾപ്പെടെ 5,000 ത്തോളം അത്‌ലറ്റുകൾ മത്സരിക്കും.

✪✪✪

കണ്ണൂരിൽ സൂപ്പർലീഗ് കേരള ഫുട്ബോളിൽ ഫോഴ്സ കൊച്ചി വിജയിച്ചു. ഒന്നിനെതിരെ നാല് ഗോളിന് കണ്ണൂർ വാരിയേഴ്സിനെയാണ് അവർ തോൽപ്പിച്ചത്. ഫോഴ്സയുടെ ആദ്യ വിജയമാണിത്.

ഇന്ന് സൂപ്പർ ലീഗിൽ കോഴിക്കോട്ട് കലിക്കറ്റ് FC, മലപ്പുറം FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

**മലപ്പുറം വണ്ടൂരിൽ SSF സംഘടിപ്പിച്ച ഹയർസെക്കണ്ടറി സ്റ്റുഡൻസ് ഗാല സമാപിച്ചു. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി പാഠ്യപദ്ധതി കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് സമാപന സംഗമം ഉദ്ഘാടനം ചെയ്ത SSF സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനീറുൽ അഹ്ദൽ അഹ്സനി ആവശ്യപ്പെട്ടു.**

✪✪✪

**രചനാ മത്സരങ്ങളോടെ കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന് ഇന്ന് കൊയിലാണ്ടിയിൽ തുടക്കമാകും. സ്റ്റേജ് മത്സരങ്ങൾ നാളെ രാവിലെ ആരംഭിക്കും. 17 ഉപജില്ലകളിലെ 1,100 ഓളം വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും.**

✪✪✪

**കാസർകോട് നുള്ളിപ്പാടിയിൽ ഗാനമേളയ്ക്കിടയിലുണ്ടായ തിക്കിലും തിരക്കിലും ശ്വാസതടസ്സമനുഭവപ്പെട്ട് നിരവധി പേർ ബോധരഹിതരായി. ഇവരെ കാസർകോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.**

✪✪✪

**കാസർകോട് പുല്ലൂർ കൊടവലത്ത് കുളത്തിൽ വീണ പുലിയെ വനപാലകർ കൂട്ടിലാക്കി. രാത്രി ഒൻപതരയോടെയാണ് പുലിയെ രക്ഷപ്പെടുത്തിയത്.**

✪✪✪

**കോഴിക്കോട് താമരശ്ശേരി ചുരത്തിൽ ഇന്നലെ വൈകിട്ട് രൂക്ഷമായ ഗതാഗതകുരുക്ക് അനുഭവപ്പെട്ടു. ചുരത്തിൽ രണ്ട് വാഹനങ്ങൾ തകരാറിലാവുകയും, ഒരു വാഹനം ചെരിയുകയും ചെയ്തിരുന്നു. നിലവിൽ വാഹന ഗതാഗതം സാധാരണ നിലയിലാണ്.**

✪✪✪

**ക്രിസ്മസ്-പുതുവത്സര തിരക്ക് പരിഗണിച്ച് ചെന്നൈ, ബാംഗ്ലൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്ന് കേരളത്തിലേക്കും, തിരിച്ചും കൂടുതൽ പ്രത്യേക ട്രെയിൻ സർവീസുകൾ അനുവദിക്കണമെന്ന് KC വേണുഗോപാൽ MP റെയിൽവെ മന്ത്രിയോട് ആവശ്യപ്പെട്ടു. ടിക്കറ്റ് ലഭിക്കാത്ത സാഹചര്യം സ്വകാര്യ ബസ് ലോബികൾ മുതലെടുക്കുകയാണെന്ന് റെയിൽവെ മന്ത്രിക്കയച്ച കത്തിൽ വേണുഗോപാൽ അറിയിച്ചു.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*